

# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 4 ● ISSUE : 4 APRIL 2010

## എഡിറ്റോറിയൽ

## ഉയിർപ്പിന്റെ സുവിശേഷം

ദുഃഖശനിയാഴ്ചത്തെ ഭയപ്പാടും, ആകാംക്ഷയും, പിരിമുറുക്കവും കഴിഞ്ഞ് ഉയിർപ്പിന്റെ ഞായറാഴ്ച യേശുവിന്റെ ശിഷ്യന്മാർക്കും ബന്ധുക്കൾക്കും ആശ്വാസവും സന്തോഷവും പകരുന്നതായി. ഒരു പുതിയ സഭയുടെയും അതുവഴി ഒരു സമൂഹത്തിന്റെയും ജനനവും കൂടിയായിരുന്നു അത്. ഉയിർപ്പിനു സാക്ഷികളായിരുന്ന കുറച്ചാളുകൾ "യേശു മരിച്ചുപോകയല്ല, മരിച്ച് തിരിച്ചുവരികയാണ് ചെയ്തത്" എന്നുള്ള വാർത്ത ലോകമെമ്പാടും പരക്കുവാൻ ഇടയാക്കി. ഉയിർത്തെഴുന്നേറ്റ യേശുവാണല്ലോ ക്രിസ്തുസഭയുടെ അടിസ്ഥാനം. അങ്ങനെ ഉയിർത്തെഴുന്നേറ്റ യേശുവെന്ന അടിത്തറയിന്മേൽ ക്രിസ്തുസഭ രൂപീകരിക്കപ്പെട്ടു.

യേശുവിന്റെ കൂടെ ജീവിച്ച ശിഷ്യന്മാർ അവരുടേതായി ആശയങ്ങൾ ഒന്നും പ്രചരിപ്പിക്കാൻ ശ്രമിച്ചില്ല. അവർ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും പോകേണ്ടിവന്നത് ആ കാലത്ത് ഇന്നത്തേതുപോലെയുള്ള പ്രചരണമാധ്യമങ്ങൾ ഇല്ലാതിരുന്നതുകൊണ്ടായിരിക്കും. അവർക്ക് എല്ലായിടത്തും ഒരു സുവിശേഷം മാത്രമേ അറിയിക്കുവാനുണ്ടായിരുന്നുള്ളൂ. യേശുക്രിസ്തു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്നുള്ളത്, "ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊരി 15 : 14). വി. പൗലോസ് കൊരിന്ത്യസഭയ്ക്കെഴുതിയ ഈ ആശയം മാത്രമായിരുന്നു എല്ലാ ശിഷ്യന്മാരും അവർ പോയിടത്ത് ഒക്കെയും പ്രസംഗിച്ചത്. ഉയിർപ്പിനുശേഷം യേശുവിനെ ശിഷ്യന്മാർ പല സ്ഥലങ്ങളിൽ വച്ച് കണ്ടുമുട്ടുന്നുണ്ട്. അങ്ങനെ കണ്ടു വിശ്വസിച്ചും, ഉയിർത്തെഴുന്നേറ്റ യേശുവിന്റെ വാക്കു കേട്ടും, യേശു തങ്ങളുടെ കൂടെയുണ്ടെന്നുള്ള പൂർണ്ണ വിശ്വാസത്തോടും കൂടെയായിരുന്നു ശിഷ്യന്മാർ യാത്രയാരംഭിച്ചത്. എന്തു കഷ്ടം സഹിച്ചും "ഉയിർപ്പിന്റെ സുവിശേഷം" ലോകമെമ്പാടും പരത്തുക എന്നതായിരുന്നു അവരുടെ ഉദ്ദേശം എന്നു മനസ്സിലാകും. ശിഷ്യന്മാർ ഉയിർപ്പിൽ വിശ്വസിച്ച് അവരുടെ ജീവൻതന്നെയും അതിനു വിലയായി കൊടുക്കേണ്ടിവന്നതും ചരിത്ര സത്യം. പൗലോസ് ശ്ലീഹാ പറഞ്ഞതുപോലെ "അവർക്ക് മരിക്കുന്നതു ലാഭവും, ജീവിക്കുന്നത് ക്രിസ്തുവുമായിരുന്നു".

നേരിൽ കണ്ടവരും, അനുഭവിച്ചവരും പറഞ്ഞ് കൈമാറി വന്ന വിശ്വാസമാണ് നമുക്കുണ്ടാകേണ്ടത്. യേശു പറഞ്ഞത് മാത്രം പറയുന്നവരെയാണ് നാം അനുകരിക്കുവാൻ ശ്രമിക്കേണ്ടത്. ഇപ്പോൾ കവലകളിൽ കേൾക്കാറുള്ള പല അട്ടഹാസങ്ങളും യേശുവിന്റെ നാമത്തിലെന്ന് പൊതുജനങ്ങളെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്ന പല അഭിനവ ശിഷ്യന്മാരും മായം ചേർന്ന സുവിശേഷമാണ് പ്രചരിപ്പിക്കുന്നത്. അതിൽ വീഴുന്ന ആളുകൾക്കുവേണ്ടിയും നാം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

ഉയിർത്തെഴുന്നേറ്റ യേശു എപ്പോഴും നമ്മുടെ സമീപത്ത് തന്നെയുണ്ട്. നാം ചെയ്യുന്ന എല്ലാ പ്രവർത്തികളിലും അവന്റെ ഇടപെടൽ നമുക്ക് അനുഭവിച്ചറിയാൻ കഴിയണം.

## വേനലും വരൾച്ചയും

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



വേനൽ കനത്തതോടെ കടുത്ത ഉഷ്ണവും ജലദൗർലഭ്യവും എവിടെയും അനുഭവപ്പെടുന്നു. ഋതുഭേദങ്ങളിൽ ഏറ്റം കടുത്തത് വേനലിന്റെ മൂർദ്ധന്യം തന്നെയായിരിക്കും. വരൾച്ചയായാൽ പച്ചപ്പ് കാണാനേയില്ല. സൂര്യാഘാതം വരെ എത്തി നിൽക്കുന്ന കാലമാണിത്. പ്രകൃതിക്കും, മനുഷ്യപ്രകൃതിക്കും മാറ്റങ്ങളുണ്ടാകുന്നു. മാറ്റങ്ങളില്ലാത്തത് ഈശ്വരനുമാത്രം!

മനുഷ്യജീവിതരംഗങ്ങളിൽ മനുഷ്യത്വവും വ്യക്തിബന്ധങ്ങളും വരണ്ടുപോകുമ്പോൾ ജീവിതം തന്നെ ദുസ്സഹമായിത്തീരുന്നു. ഒരിറ്റു സ്നേഹത്തിനും കരുതലിനും വേണ്ടിയുള്ള ദാഹം, ശരീരസമാന്യമായ പൈദാഹങ്ങളേക്കാൾ ഗുരുതരമാവാം! ബന്ധങ്ങൾ വറ്റിവരണ്ടുപോയാൽ ജീവിതം അർത്ഥശൂന്യമായി മാറും. മാനുഷികമായി, സ്നേഹബന്ധങ്ങളിൽ ഋതുഭേദങ്ങൾ സംഭവിച്ചേക്കാം. എങ്കിലും വേനലിന്റെയും വറുതിയുടെയും കാലത്ത് കുടിവെള്ളവും അത്യാവശ്യ ആഹാരസാധനങ്ങളും എത്തിക്കുന്നതുപോലെ തന്നെ, സ്നേഹത്തിന്റെ ഉറവ വറ്റുന്നിടത്ത്, കാരുണ്യത്തിന്റെയും സാന്ത്വനത്തിന്റെയും തണ്ണീർകുടികൾ എത്തിയേ മതിയാവൂ. ഇപ്പറഞ്ഞത് ഒരു മിനിസ്ട്രി (ശുശ്രൂഷ) യാണ്. ക്രിസ്തീയ ജീവിതത്തിന്റെ ഊടും പാവും ഇതുതന്നെ. നിസ്സഹായാവസ്ഥയും, രോഗവും, ഏകാന്തതയും വേട്ടയാടുന്ന നാളുകളിൽ മനുഷ്യനിൽ വിദ്വേഷവും വൈരാഗ്യബുദ്ധിയും താരതമ്യേന കുറഞ്ഞുവരും. ചോരയും നീരുമുള്ള കാലത്താണ്, സ്നേഹബന്ധങ്ങളിൽ വരൾച്ച അധികം കണ്ടുവരുന്നത്.

ഏതാനും വരൾച്ചാരംഗങ്ങളെപ്പറ്റി ലോകരക്ഷകൻ മുന്നറിവു നൽകിയിട്ടുണ്ട്. നമ്മുടെയിടയിൽത്തന്നെ, വിശപ്പ്, ദാഹം, വസ്ത്രദാരിദ്ര്യം, രോഗം, തടവ് ഇത്യാദികളിൽ പീഢിപ്പിക്കപ്പെടുന്നവരുണ്ട്. അവരുടെ ജീവിതസരണി തീർത്തും വരണ്ടതായിരിക്കും. അവിടെ ആശ്വാസ സാന്ത്വനങ്ങൾ എത്തിക്കുന്നവർക്കു ലഭ്യമാകുന്ന പ്രതിഫലമാണ് ദൈവരാജ്യത്തിലേക്കുള്ള പ്രവേശനം. മേൽപ്പറഞ്ഞവ മൂലം തളർന്നുപോകുന്നവർക്ക് കൈത്താങ്ങൽ നൽകുന്നതിനെ പുരസ്കരിച്ച് അന്ത്യനാളിൽ അവിടുന്ന് ചോദ്യങ്ങൾ ഉന്നയിക്കുമെന്ന് അവിടുന്ന് വ്യക്തമാക്കിയിരിക്കുന്നു. അത്തരം ശുശ്രൂഷ ഗുണഭോക്താക്കളായ മനുഷ്യർക്ക് എന്നതിനെക്കാൾ, തനിക്കുചെയ്ത ശുശ്രൂഷ തന്നെയെന്ന്, ആഹ്ലാദപൂർവ്വം അദ്ദേഹം അവകാശപ്പെടുന്നു. രോഗവും, തൊഴിലില്ലായ്മയും, വാർദ്ധക്യവും, അവഗണനയും, ചൂഷണവും മൂലം വീർപ്പുമുട്ടുന്നവരുടെ നേരെ നീളുന്ന കാരുണ്യപാണികളാണ് നാം വിലമതിക്കുന്നവ. നിസ്സഹായതയുടെ കൊടുംവേനൽ കത്തി നിൽക്കുമ്പോഴും, ഇത്തരം സേവനങ്ങൾ വരൾച്ച മൂലം വലയുന്നവർക്കെന്നപോലെ എന്നും ആശ്വാസദായകമായിരിക്കും.

മനുഷ്യരെ ശാന്തിദൂതന്മാരും, നീതിനിഷ്ഠരും നിർമ്മലമാനസരുമാക്കാൻ പോരുന്നതാണ് വലിയ നോമ്പിലെ സുകൃതാഭ്യാസങ്ങൾ.

പിതൃപുത്ര പരിശുദ്ധാത്മാവാം ദൈവം, ആ ദിശയിൽ നമ്മെ വഴിനടത്തട്ടെ ■

### പഴയകാല ഓർമ്മകൾ

(ഉൽപത്തി പുസ്തകം
ഒന്നാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുള്ള
സൃഷ്ടിപ്പുകളുടെ ചിത്രീകരണം പദ്യരൂപത്തിൽ...
ഞങ്ങൾക്കുള്ള കർത്താവേ എന്ന രീതി.)

വലിയപ്രകാശം ഒന്നാം നാൾ
ആകാശതലം രണ്ടാംനാൾ
കരയും കടലും മൂന്നാം നാൾ
അർക്കൻ, കുടു, താരം നാലിൽ
പറവകൾ മീനുകൾ അഞ്ചാംനാൾ
ആറിൽ മൃഗവും മനുഷ്യരും
ഏഴാംദിവസം ശാബതുമായ്
സൃഷ്ടിപ്പുകളിൽ ശുണമേകും.

**സി.എം. ചാക്കുണ്ണി**
(പഴയകാല സണ്ടേസ്കൂൾ പഠനത്തിൽ നിന്ന്)

## വികാരിയുടെ കത്ത്



# ഓശാന മുതൽ ഉയിർപ്പ് വരെ

കർത്താവിൽ സ്നേഹിതരേ,

ഓശാന മുതൽ ഉയിർപ്പ് വരെയുള്ള കാര്യങ്ങൾ അൽപമായി ചിന്തിക്കാം.

ഓശാന: യേരുശലേമിലേയ്ക്കുള്ള യേശുതമ്പുരാന്റെ മഹത്വപ്രവേശനത്തിൽ ജനസഞ്ചയം ആർത്തുവിളിച്ച വാക്കാണ് ഓശാന എന്നത്. ഏബ്രായ ഭാഷയിൽ അതിന്റെ മൂലപദം ഹോശനാ എന്നും അർത്ഥം ഞങ്ങളെ രക്ഷിച്ചാലും രക്ഷയിതാ സമാഗതമായി എന്നുമാണ്. പ്രാർത്ഥനാരൂപത്തിലുള്ള ആ വാക്കിന് പിൽക്കാലത്ത് ഒരു ജയ് വിളിയുടെ ധ്വനിയുണ്ടായി. പഴയനിയമത്തിൽ സങ്കീ: 118:25-ൽ ആണ് ഇത് പ്രത്യക്ഷപ്പെടുന്നത്. "യഹോവയുടെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ". ഇതത്രേ മത്താ: 21 : 9 ലും, മർക്കോ. 11 : 9 ലും, യോഹ. 12 : 13 ലും കാണുന്നത്. ഓശാന നാളിൽ ഈന്തപ്പനയുടെയും ഒലിവ് വൃക്ഷത്തിന്റെയും കൊമ്പുകൾ ആഘോഷപൂർവ്വം വഹിച്ചുകൊണ്ട് യേശുതമ്പുരാനെ എതിരേറ്റു ജനങ്ങളുടെ ആഹ്ലാദതിമിർപ്പിന്റെ പ്രകടനങ്ങളായിരുന്നു. ഈ സംഭവത്തെ അനുസ്മരിച്ചുകൊണ്ട് എപ്പിസ്കോപ്പൽ സഭകൾ ഉയിർപ്പ് ഞായറാഴ്ചയുടെ തൊട്ടുമുമ്പുള്ള ഞായറാഴ്ച ഓശാന ദിവസമായി ആചരിക്കുന്നു. ഓശാന നാളിൽ യെരുശലേം ദേവാലയത്തിൽ പ്രവേശിച്ച യേശു അവിടെ കണ്ട അനീതിക്കെതിരെ ശബ്ദമുയർത്തി. എന്റെ ആലയം പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടും എന്ന് എഴുതിയിരിക്കുന്നു. നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തു എന്നുപറഞ്ഞ് (മത്താ 21:13) ഒരു ശുദ്ധീകരണ പ്രക്രിയ നടത്തി. നോമ്പിലെ പ്രത്യേക പ്രാർത്ഥനകളും ഓശാനയുടെ ദൂതും നമ്മെ ഓർമ്മിപ്പിക്കുന്ന സത്യം അത്യുന്നതനെ മഹത്വപ്പെടുത്തി, വിശുദ്ധി ലക്ഷ്യമാക്കി ജീവിക്കണം എന്നത്രേ.

യഹൂദ പെസഹാ: പെസഹാ എന്ന എബ്രായ പദത്തിന്റെ അർത്ഥം കടന്നുപോക്ക് എന്നാണ്. ഈജിപ്തിൽ വച്ച് ആദ്യ ജാതന്മാരുടെ സംഹാരകൻ യിസ്രായേൽ ഭവനങ്ങളിൽ പ്രവേശിക്കാതെ കടന്നുപോയതും, ഈജിപ്റ്റിലെ കഠിനമായ അടിമത്വത്തിൽ നിന്നുള്ള അത്ഭുതകരമായ വിമോചനവും, യിസ്രായേൽ ജനത ഓർത്ത് ആചരിക്കുന്ന പെരുന്നാൾ ദിവസമാണിത്. യെരുശലേം ദേവാലയാങ്കണത്തിൽ വച്ച് കുഞ്ഞാടിനെ അറുത്ത് രക്തം യാഗപീഠത്തിൽ തളിച്ചതിനുശേഷം മാംസം പാകം ചെയ്ത് പ്രത്യേക രീതിയിൽ കഴിക്കുന്നു.

ക്രിസ്തീയ പെസഹാ: യേശുക്രിസ്തു ശിഷ്യരുമൊത്ത് അന്ത്യമായി പെസഹാ ആചരിച്ച സമയത്താണ് വി. കുർബ്ബാന സ്ഥാപിച്ചത് (മർക്കോ: 14:12-15). കർത്താവിന്റെ അന്ത്യ അത്താഴം യഹൂദന്മാരുടെ പെസഹായുടെ മുൻദിവസം ആയിരുന്നു എന്ന് വി. യോഹന്നാൻ ശ്ലീഹ പറയുന്നു (യോഹ. 18:28, 19:41). പെസഹാ കുഞ്ഞാടുകളെ യെരുശലേമിൽ കൊലചെയ്യുമ്പോൾ ദൈവത്തിന്റെ കുഞ്ഞാടായ യേശുക്രിസ്തു ക്രൂശിക്കപ്പെട്ടു എന്നാണ് യോഹന്നാന്റെ ഭാഷ്യം. കർത്താവ് തിരുവത്താഴം ഭക്ഷിച്ചത് തലേദിവസം ആയിരുന്നെങ്കിലും അത് പെസഹായായിട്ടാണ് താൻ കണക്കാക്കിയത് (ലൂക്കോ. 22:7 മുതൽ). അങ്ങനെ ആ പെസഹാ പുതിയ വിമോചനത്തിന്റെ അതായത് പാപത്തിൽ നിന്നും മരണത്തിൽ നിന്നുമുള്ള വിടുതലിന്റെ ആഘോഷത്തെ കുറിക്കുന്നു. യോഹന്നാൻ ശ്ലീഹാ പറയുന്നത് ശ്രദ്ധിക്കുക. എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു (യോഹ. 6:56). ഒരുക്കത്തോടു കൂടിയുള്ള വി. കുർബ്ബാനാനുഭവം കർത്താവ് നമ്മിൽ നിത്യമായി വസിക്കുന്നതിനുള്ള മുഖാന്തിരമായിത്തീരട്ടെ.

ദുഃഖവെള്ളി / സ്ലീബാവന്ദനവ്: പ്രത്യേകമായ പ്രാർത്ഥനകളോടും വേദപാരായണത്തോടും കൂടി യേശുക്രിസ്തുവിന്റെ പീഢാനുഭവത്തിന്റെയും ക്രൂശ് മരണത്തിന്റെയും അനുസ്മരണം നടത്തുന്ന ദിവസമാണ് ദുഃഖവെള്ളി. ആദിമ നൂറ്റാണ്ടുകളിൽ പീഢാനുഭവവും ക്രൂശ് മരണവും ഉയിർപ്പും ഒന്നിച്ചാണ് അനുസ്മരിച്ചിരുന്നത്. പിന്നീടാണ് ഇത് പ്രത്യേക ആചരണമായി മാറിയത്. ഈ ദിവസത്തിന് ഇംഗ്ലീഷിൽ ഗുഡ് ഫ്രൈഡേ എന്നും സുറിയാനിയിൽ വലിയ വെള്ളിയാഴ്ച എന്നും അർത്ഥം വരുന്ന വാക്കാണ് ഉപയോഗിക്കുന്നത്. രക്ഷകനായ ക്രിസ്തുവിന്റെ ക്രൂശ് മരണവും പീഢാനുഭവവും അനുസ്മരിക്കുന്നു എന്നുള്ളതുകൊണ്ടാവാം ദുഃഖവെള്ളിയാഴ്ച എന്ന് ഈ ദിവസത്തെ വിളിക്കുന്നത്. യഥാർത്ഥത്തിൽ ഈ ദിവസം പാപത്തിന്മേലും പൈശാചികശക്തികളുടെ മേലും ക്രിസ്തു വിജയം വരിച്ചതാകയാൽ അത് സന്തോഷത്തിന്റെയും പ്രത്യാശയുടെയും ദിവസമാണ്. കുരിശിനെ ബഹുമാനിക്കുന്നതിനെയും, ദുഃഖവെള്ളിയാഴ്ചത്തെ പ്രത്യേക ശുശ്രൂഷയെയുമാണ് സ്ലീബാവന്ദനവെന്ന് പറയുമ്പോൾ ഉദ്ദേശിക്കുന്നത്. കർത്താവിന്റെ കുരിശിലെ തിരുബലി മുഖാന്തിരമാണ് നമുക്ക് രക്ഷയുണ്ടായത്. ആ തിരുബലിയെ അനുസ്മരിപ്പിക്കുന്ന അടയാളമായി കുരിശിനെ കണ്ടുകൊണ്ട് നാം അതിനെ വന്ദിക്കുന്നു. കുരിശ് മുത്തുകയും കുരിശിന്റെ മുമ്പിൽ തലവണങ്ങി കുരിശ് വരയ്ക്കുകയും ചെയ്യുന്നു. സ്ലീബായുടെ മുമ്പിൽ ധൂപം വീശി മുട്ടുകുത്തുകയും സ്ലീബാമുത്തുകയും ചെയ്യുമ്പോൾ നമുക്കു വേണ്ടി മരിച്ച കർത്താവിന്റെ പ്രതീകമായിട്ടാണ് സ്ലീബായെ നാം ദർശിക്കുന്നത്.

ഉയിർപ്പ് പെരുന്നാൾ: കല്ലറയെ ഭേദിച്ച് മൂന്നാം ദിവസം കർത്താവ് ഉയിർത്തെഴുന്നേറ്റ ദിവസമാണിത്. പൗരസ്ത്യസഭകളുടെ ആരാധനാവർഷത്തിന്റെ കേന്ദ്രം ഉയിർപ്പ് പെരുന്നാളാണ്. ഓരോ ഞായറാഴ്ചയും ഉയിർപ്പു പെരുന്നാളിന്റെ പ്രതിവാരാഘോഷമായിട്ടാണ് ഓർത്തഡോക്സ് സഭകൾ കണക്കാക്കുന്നത്. ഉയിർപ്പ് പെരുന്നാൾ സമാധാനത്തിന്റെ പെരുന്നാൾ എന്ന് അന്നത്തെ പ്രാർത്ഥനകൾ ചൂണ്ടിക്കാണിക്കുന്നു. കർത്താവ് മരണത്തിൽ നിന്നും ഉത്ഥാനം ചെയ്തതുപോലെ വിശ്വാസികൾ ആത്മീയമരണത്തിൽ നിന്നും ഉത്ഥാനം ചെയ്യേണ്ട ദിവസമാണ് ഉയിർപ്പുപെരുന്നാൾ. വി. യോഹന്നാൻ പറയുന്നു "അന്ധകാരം പ്രകാശത്തെ പിടിച്ചടക്കിയില്ല" (യോഹ. 1:5). ക്രിസ്തു ജയാളിയായി മരണത്തെ പരാജയപ്പെടുത്തി ഉത്ഥാനം ചെയ്തു. ഈ നോമ്പാചരണവും കർത്താവിന്റെ പീഢാനുഭവങ്ങളിലുള്ള പങ്കുചേരലും ഉയിർപ്പിന്റെ സന്തോഷത്തിലേക്ക് നമ്മെ വഴിനടത്തട്ടെ. അതുമൂലം നിത്യരക്ഷ പ്രാപിക്കാൻ നമുക്കിടയാകട്ടെ...

**കർത്താവിൽ നിങ്ങളുടെ ഏലിയാസച്ചൻ**

# കുടുംബ ബന്ധം

**മേരി വർഗ്ഗീസ്, മെറിലാൽ ഭവൻ**

കുടുംബ ജീവിതത്തിൽ പരസ്പരം കുറ്റപ്പെടുത്തുന്നതിനുപകരം പരസ്പരം സ്നേഹിക്കുകയും, വിശ്വസ്തർ ആയിരിക്കുകയും വേണം. സ്വാർത്ഥത വെടിയണം. അസൂയ കടന്നുവരുമ്പോൾ കുടുംബജീവിതത്തിൽ തകർച്ചയുണ്ടാകുന്നു.

കുടുംബജീവിതം മാധുര്യം ഉള്ളതാക്കാൻ ശ്രമിക്കണം. നല്ലൊരു കുടുംബജീവിതം ഉണ്ടാകുന്നത് ആത്മീയമായും മാനസികമായും വളർച്ച പ്രാപിക്കുമ്പോഴാണ്. കുടുംബജീവിതം സന്തോഷപ്രദമാക്കുന്നതിന് അമ്മമാർക്ക് നല്ല പങ്കുണ്ട്. ഉത്തമയായ ഭാര്യ കുടുംബത്തിന്റെ ഐശ്വര്യമാണ്. നമ്മൾ കുടുംബത്തിലെ നെഗറ്റീവ് ചിന്തകൾ പോസിറ്റീവ് ആക്കി മാറ്റണം. കുട്ടികളുടെ ആവശ്യവും, ആഗ്രഹവും മനസ്സിലാക്കി നമ്മൾ പ്രവർത്തിക്കണം. സ്നേഹത്തിന് ഉപാധികൾ വയ്ക്കരുത്. കുടുംബജീവിതത്തിൽ കണ്ടീഷൻസ് വയ്ക്കാതെ പരസ്പരം സ്നേഹിക്കണം. മാതാപിതാക്കൾ പരസ്പരം സ്നേഹിച്ചാൽ മാത്രമേ കുട്ടികൾ അത് അനുകരിക്കുകയുള്ളൂ. ജീവിതം നല്ല സുഗന്ധമുള്ളതാക്കി തീർക്കുന്നതിന് കുടുംബാംഗങ്ങൾ എല്ലാവരും പങ്കാളികൾ ആകണം. മദർ തെരേസ ഒരിക്കൽ പറയുകയുണ്ടായി. കുറെ നല്ല ആപ്പിളിന്റെ കൂടെ ചീത്ത ആപ്പിൾ ഇട്ടുവച്ചാൽ എല്ലാ ആപ്പിളുകളും ചീത്തയാകും. ശക്തനായവൻ വലിയ കാര്യങ്ങളെ ഏൽപ്പിച്ചു തിന്നിരിക്കുന്നു. യേശുവിന്റെ ഈ വചനം നമ്മുടെ കുടുംബജീവിതത്തെ ഭദ്രമാക്കുന്നു.

യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭം ആകുന്നു. "നിന്റെ അപ്പന്റെ കല്പന പ്രമാണിക്കുക. അമ്മയുടെ ഉപദേശം ഉപേക്ഷിക്കുകയും – അരുത്, അത് എല്ലായ്പ്പോഴും നിന്റെ ഹൃദയത്തോടു ബന്ധിപ്പിച്ചു കൊൾക" (സദൃശവാക്യങ്ങൾ 6:20,21). "എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും" (യോഹ 7:38). ആത്മീയ പക്വത, പ്രാർത്ഥന ബൈബിൾ വായന ഇതെല്ലാം നല്ല കുടുംബ ജീവിതത്തിന്റെ വഴികാട്ടിയാണ്. ■

*(Contd. from February 2010 issue)*

# BE SURE YOUR SIN WILL FIND YOU OUT

**Nishin George Vijayababu,** Advocate, Ernakulam

"But if you do not do so, then take note, you have sinned against the Lord; ***and be sure your sin will find you out*** " **Numbers 33:23** (NKJV*)

## Sin corners the sinner

In this context it is pertinent to have a look at the life of Joseph, son of Jacob referred to in Genesis 33-45. A perusal of Genesis chapter 44 and 45 we can see the plight of the brothers of Joseph who had to confess before Joseph himself about their sin. The brothers envied Joseph being immensely loved by their father. Further his dream added fuel to the fire. Joseph had dreamt that his brothers and father bowing before him. It was just because of the intervention of Reuben that his brothers spared him from the mouth of Death. Reuben was against killing their brother. When Reuben was away Judah had changed the plan of his brothers to kill Joseph and sold him to the Ishmaelites for 20 Shekels. His brothers had even lied to his father that wild animals killed him by fabricating evidence. Though Joseph's brothers tried to destroy him, the Lord was with Joseph. His brothers had to bow down before him at the time of famine after a span of 20 years. Joseph had commanded his brothers to bring their youngest brother (See Genesis 42:20). When we read further Genesis 42:21-22 we find how their sin haunts them. They admit among themselves that they sinned against Joseph. When the brothers approach Joseph the second time for food they had to take their youngest brother Benjamin along with them who was dear to their father (Jacob). Joseph's brothers very well knew the seriousness of the matter if they return to Canaan without Benjamin. Joseph's brothers were cornered when the silver cup was found in Benjamin's sack. "And Judah said, **What shall we say unto my lord? What shall we speak? or how shall we clear ourselves? God hath found out the iniquity of thy servants**: behold, we are my lord's servants, both we, and he also with whom the cup is found" Genesis 44:16 (NKJV)*. Judah son of Jacob realized the sin of selling Joseph. The brothers were cornered and they could not utter a word when Joseph disclosed his identity. We are not better than the brothers of Joseph. But we see the greatness of Joseph. Instead of retribution he loves his brothers.

## What are we to do?

Surely we will have to face the wrath of our God even if we sin in secret. "Nothing in all creation is hidden from God's sight." Mathew 10:26 NKJV says "…For there is nothing covered that will not be revealed, and hidden that will not be known." (Also see Luke 12:2-3 **(NKJV)***. So what are we to do? The answer is there in Romans 6:11-14

"Likewise you also, reckon yourselves to be dead indeed to sin, but alive to God in Christ Jesus our Lord (Romans 6-11).

Therefore do not let sin reign in your mortal body, that you should obey it in its lusts (Romans 6-12)

And do not present your members as instruments of unrighteousness to sin, but present yourselves to God as being alive from the dead, and your members as instruments of righteousness to God (Romans 6-13)

For sin shall not have dominion over you, for you are not under law but under grace (Romans 6-14.)

In this context **Genesis 4:7** (NKJV)* is relevant. It reads as follows "If you do well, will you not be accepted? **And if you do not do well, sin lies at the door. And its desire is for you, but you should rule over it.**" Thus we can see that we should rule over the sin and save ourself.

The only way for salvation is nothing but repentance and we have to remember that it is for our sins that Christ made himself an offering. Remember, "… even now the axe is laid to the root of the trees. Therefore every tree which does not bear good fruit is cut down and thrown into fire." **Luke 3: 9** (NKJV)*. So it is for us to decide. We have to repent. **"**… but unless you repent you will all likewise perish." Luke 13:3 **(NKJV)*.** As Christians we receive the solemn blessing of His forgiveness when we go to Him with a humble and contrite heart

* NKJV (New King James Version Bible) ■

# ദൈവത്തെ വെട്ടിച്ചുരുക്കരുത്

**ജോർജജ് നിക്സൺ താച്ചയിൽ**

മതപരമായ യാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള സംശയം നാൾക്കുനാൾ കൂടിക്കൂടി വരികയാണ്. ശാസ്ത്രത്തിന്റെ വളർച്ചയോടുകൂടി സാങ്കേതിക വിദ്യയാണ് കണക്കു കൂട്ടുന്ന ജോലി ചെയ്യുന്നത്. മനുഷ്യഭാവനക്കതീതമായ ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും മഹാശക്തിയാൽ മനുഷ്യന് ശൂന്യാകാശത്തു പോകാനും സുരക്ഷിതമായി ഭൂമിയിൽ തിരിച്ചെത്താനും കഴിയുന്നു. ദൈവം ചരിത്രപരമായ വെറുമൊരു സങ്കൽപം മാത്രമെന്നു പറയാൻവരെ ആധുനിക മനുഷ്യൻ മടിക്കുന്നില്ല. നിമിഷവേഗത്തിൽ ലോകത്തെ മുഴുവൻ ചുട്ടുകരിക്കുവാൻ കഴിവുള്ള അണ്വായുധങ്ങൾ കൈവശമുള്ള ആധുനിക മനുഷ്യൻ ദൈവത്തെ ചോദ്യം ചെയ്യുന്നു. ദൈവം എന്ന സങ്കൽപം പൗരാണിക നാഗരികതയുടെ ചരിത്രത്തിന്റെയും ഇതിഹാസങ്ങളുടെയും അടിക്കുറിപ്പുമാത്രമായിത്തീരാൻ ഇനിയും അധികകാലം കാത്തിരിക്കേണ്ടിവരികയില്ലെന്ന് ചില ചിന്തകന്മാർ അഭിപ്രായപ്പെടുന്നു. ശാസ്ത്രത്തിന്റെ കുത്തൊഴുക്കിൽ ദൈവം എന്ന സങ്കൽപം ഒലിച്ചുപോകുമെന്ന് അവകാശപ്പെടുന്നവരുടെ സംഖ്യ താരതമ്യേന കുറവായിരിക്കാം. എന്നാൽ എണ്ണത്തിൽ ഏറെയുള്ളത് തങ്ങൾ ദൈവവിശ്വാസികളാണെന്ന് സ്വയം പറയുന്നവരാണ്. പക്ഷേ ഈശ്വരവിശ്വാസത്തെയും തങ്ങൾ വിശ്വസിക്കുന്ന മതത്തെയും തങ്ങളുടെ വലിപ്പവും ഫാഷനുമനുസരിച്ച് വെട്ടിച്ചുരുക്കുന്നവരാണവർ. ദൈവത്തെ നമ്മുടെ ജീവിതത്തിൽ നിന്ന് നീക്കി നിർത്തുന്നതിനെക്കാൾ പരിഹാസ്യമാണിത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ദൈവഹിതമനുസരിച്ച് നമ്മെ രൂപപ്പെടുത്തുന്നതിനുപകരം നമ്മുടെ ജീവിതത്തിനൊത്തവണ്ണം നാം ദൈവത്തിനു രൂപം നൽകുന്നു. വെട്ടിച്ചുരുക്കിയ ദൈവത്തെ ധരിക്കുന്നവർക്ക്, യഥാർത്ഥ ദൈവത്തെ ലോകത്തിനു കാണിച്ചുകൊടുക്കുവാൻ കഴിയുകയില്ലല്ലോ! ദൈവത്തെ വെട്ടിച്ചുരുക്കുന്നവർ വെട്ടിപ്പും തട്ടിപ്പുംകൊണ്ട് പണം സമ്പാദിക്കുകയും, പാവങ്ങളെ ചൂഷണം ചെയ്യുകയും ചെയ്യുന്നു. മതം നിർജ്ജീവമായിരിക്കുന്നത് മറ്റൊന്നുംകൊണ്ടല്ല !

എന്നാൽ ദൈവത്തിന്റെ ആഗ്രഹങ്ങൾ ജീവിതത്തെ രൂപപ്പെടുത്തുവാൻ സ്വയം അർപ്പിക്കുന്ന ചുരുക്കം ചിലരുണ്ട്. അവരുടെ സത്യസന്ധമായ ജീവിതം തങ്ങൾ വിശ്വസിക്കുന്ന ദൈവത്തിന്റെ പ്രതിനിധികളാണവർ എന്ന് നിരന്തരം പ്രഖ്യാപനം ചെയ്യുന്നു. ഇങ്ങനെയുള്ളവരെ മാതൃകയാക്കി പ്രാർത്ഥനകളാലും, അപേക്ഷകളാലും ദൈവത്തോടടുത്തു നിന്നുകൊണ്ട് അനുഗ്രഹം പ്രാപിക്കുവാൻ നമുക്കു ശ്രമിക്കാം.

## ഭദ്രാസനവിശേഷങ്ങൾ

# മെൽതോ 2010

## എറണാകുളം ഓർത്തഡോക്സ് കൺവെൻഷൻ

നഗര പരിധിയിലുള്ള ഓർത്തഡോക്സ് ഇടവകകളുടെ ആഭിമുഖ്യത്തിൽ മെൽതോ 2010, എറണാകുളം ഓർത്തഡോക്സ് കൺവെൻഷൻ, മാർച്ച് 7, 8, 9 തീയതികളിൽ, രാജേന്ദ്രമൈതാനത്ത് വിജയകരമായി നടന്നു. ഇവിടെയുള്ള ഓർത്തഡോക്സ് വിശ്വാസികളുടെ കരുത്തേറിയ സ്നേഹസംഗമവും, വിശ്വാസം വിളിച്ചറിയിക്കുന്നതും, കൂട്ടായ്മയുടെ ശക്തി വെളിപ്പെടുത്തുന്നതുമായിരുന്നു കൺവെൻഷൻ. ഇടവക മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ഇദംപ്രഥമമായി സംഘടിപ്പിച്ച കൺവെൻഷൻ, ശ്രേഷ്ഠ നിയുക്ത ബാവാ ഉദ്ഘാടനം ചെയ്തു. അഭി. മാർ അന്തോനിയോസ്, അഭി. മാർ പോളിക്കാർപ്പോസ് എന്നിവർ വിവിധ ദിനങ്ങളിൽ അനുഗ്രഹപ്രഭാഷണങ്ങൾ നടത്തി. യഥാക്രമം, ഫാ. ഡോ. ടി.ജെ. ജോഷ്വാ, ഫാ. വർഗ്ഗീസ് വർഗ്ഗീസ്, ഫാ. ജോസഫ് സാമുവൽ എന്നിവർ വൈകുന്നേരത്തെ യോഗങ്ങളിലും, ഫാ. ഡോ. ഒ. തോമസ് പകൽ യോഗങ്ങളിലും പ്രസംഗിച്ചു. 9 ന് വൈകിട്ട് അഭി. ഡോ. മാർ ഐറേനിയോസ് തിരുമേനിയുടെ സമാപന സന്ദേശത്തോടും, വരുംവർഷത്തേക്കുള്ള മുന്നൊരുക്കമായി നടത്തപ്പെട്ട പ്രാർത്ഥനാ നിർഭരവും നയനാനന്ദകരവുമായ കാൻഡിൽ പ്രയറോടും കൂടെ മെൽതോ 2010 സമാപിച്ചു. ■







## കുടുംബ വിശേഷങ്ങൾ



ജനറൽ ആശുപത്രി കാൻസർ വാർഡിലേക്കു നൽകുന്ന മരുന്നുകളുടെ ഫെബ്രുവരി - മാർച്ച് മാസങ്ങളിലെ വിതരണം, മാർച്ച് 13-ന് കോർപ്പറേഷൻ കൗൺസിലർ കെ.വി.പി. കൃഷ്ണകുമാർ, ARMO ഡോ. സജുവിന് നൽകിക്കൊണ്ട് നിർവ്വഹിക്കുന്നു.

## നിര്യാതരായി



20-2-2010 ന് നിര്യാതയായ, കളമശ്ശേരി പൂതിക്കോട്ട് ശ്രീമതി സാറാമ്മ ചെറിയാൻ (98).



എറണാകുളം ബാനർജി റോഡ് കച്ചേരിപ്പടി, ജന്നി വില്ലയിൽ ഡോ. മിസ്സിസ് സാറാമ്മ മാത്യു (89) 9-3-2010 ൽ നിര്യാതയായി. 10-3-2010 ൽ കത്തീഡ്രലിന്റെ എളംകുളം സെമിത്തേരിയിൽ സംസ്കരിച്ചു.

*ആദരാഞ്ജലികൾ*

## സ്നേഹനിധി

1991 ഓഗസ്റ്റ് 19-ാം തീയതി കാലം ചെയ്ത അഭി. ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ ഓർമ്മ ഉചിതമായി നിലനിർത്തുന്നതിനാണ് കത്തീഡ്രൽ "സ്നേഹനിധി" ആരംഭിച്ചത്. വിദ്യാഭ്യാസ സഹായനിധിയായാണ് ആരംഭിച്ചതെങ്കിലും, ഭാവിയിൽ മറ്റു ജീവകാരുണ്യ പ്രവർത്തനങ്ങളും ഇതുവഴി നടത്തുവാൻ കഴിയണം എന്നതാണ് ലക്ഷ്യം. സഹായമാവശ്യമുള്ള അർഹരായ വിദ്യാർത്ഥികൾക്ക് തിരുമേനിയുടെ ഓർമ്മദിവസമായ ഓഗസ്റ്റ് 19ന് ആയത് നൽകുവാൻ തക്കവണ്ണം ക്രമീകരണങ്ങൾ നടന്നുവരുന്നു. തിരുമേനിയുമായി അടുപ്പമുണ്ടായിരുന്ന പലർക്കും ജീവകാരുണ്യപ്രവർത്തനത്തിന് ഇത് നല്ലൊരവസരമാണ്. ഓർത്തഡോക്സ് സഭയ്ക്ക് അഭിമാനമായി ഓർക്കാൻ പലതും ആരംഭിച്ചിട്ടുള്ള കത്തീഡ്രലാണ് ഇതിന് മുൻകൈയെടുക്കുന്നതെങ്കിലും, കൊച്ചി ഭദ്രാസനത്തിലും, തിരുമേനിയുടെ മാതൃഭദ്രാസനമായിരുന്ന കണ്ടനാട് (ഈസ്റ്റ് & വെസ്റ്റ്) ഭദ്രാസനങ്ങളിലുമുള്ള നൂറോളം പള്ളികളിലെ അംഗങ്ങൾക്ക് സ്നേഹനിധി പ്രയോജനപ്പെടുന്നവിധമാണ് അർഹരായവരെ തിരഞ്ഞെടുക്കുന്നത്. ഇതൊരു നല്ല സംരംഭമാക്കാൻ ഇടവകാംഗങ്ങൾ എല്ലാവരുടെയും സഹകരണവും പ്രാർത്ഥനയും പ്രതീക്ഷിക്കുന്നു.

## വിശേഷദിവസങ്ങൾ

**ഏപ്രിൽ**

| | | |
|---|---|---|
| 1 വ്യാഴം | : | പെസഹാ വ്യാഴാഴ്ച |
| 2 വെള്ളി | : | ദുഃഖ വെള്ളിയാഴ്ച |
| 3 ശനി | : | ദുഃഖ ശനിയാഴ്ച |
| 4 ഞായർ | : | ഉയിർപ്പ് ഞായറാഴ്ച (ക്യംതാ) |
| 5 തിങ്കൾ | : | കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ഓർമ്മ (പാമ്പാടി ദയറാ) |
| 11 ഞായർ | : | പുതുഞായറാഴ്ച |
| 23 വെള്ളി | : | വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ ഓർമ്മ |

*With best compliments from*

**SILOAM CLINIC**

Panampilly Nagar, Cochin. Ph: 0484 2316622, Mob: 93886 16161

Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490, 2365827**
***Website: www.stmarysorthodoxcathedralekm.org   Email: georgekaithayil@yahoo.com***

***For Private Circulation only***